പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 870 — 11/07/2016 - ൽ മറുപടിയ്ക്ക്

**പൊതുവിദ്യാലയങ്ങളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. സ്വരാജ് | പ്രൊ. സി രവീന്ദ്രനാഥ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) നിലവിൽ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലൈബ്രറി ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ലബോറട്ടറി ഗ്രാന്റ്, സ്പോർട്സ് സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് എന്നീ ഗ്രാന്റുകളും നല്കി വരുന്നു. ക്ലാസ് റൂമുകളുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, അക്കാദമിക മുന്നേറ്റങ്ങൾക്കായി ഫോക്കസ് പ്രവർത്തനങ്ങൾ എന്നിവ പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കാനായി ഉദ്ദേശിച്ചിട്ടുള്ളവയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്കൂളുകളുടെ ചുമതല ഏൽപ്പിക്കുക വഴി ഓരോ വർഷവും അവരുടെ ബഡ്ജറ്റിൽ സ്കൂളുകളുടെ വികസനത്തിനായി തുക വകയിരുത്താറുണ്ട്. |
| (ബി) പൊതു വിദ്യാലയങ്ങളെ ഹൈടെക്ക് ആക്കുന്നതിനും മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ? | (ബി) നിലവിൽ എസ്.എസ്.എ, ഐ.റ്റി@സ്കൂൾ എന്നിവയുടെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ആരംഭിക്കുകയും മറ്റു സ്കൂളുകളെ ഈ ഗണത്തിലേയ്ക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ